(ബി) ഉണ്ട്.

(സി, ഡി) പി.ഡി. അക്കൗണ്ട് ആരംഭിക്കുവാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുവാൻ നടപടി

*9 [929] ശ്രീ. എ.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതിപ്രകാരം പുതിയ അപേക്ഷകർക്ക് വായ്പ നൽകേണ്ടതില്ലെന്നും തുടർ ഗഡുക്കൾ നൽകി പദ്ധതി പൂർത്തീകരിച്ചാൽ മതിയെന്നും സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഹഡ്കോയിൽ നിന്നും ഈ പദ്ധതിക്ക് വായ്പ ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതിയുടെ എത്ര ശതമാനമാണ് ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; നിലവിലുള്ള ശതമാനം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ദുർബ്ബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പുതിയ ഭവന പദ്ധതിക്ക് ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതി ഭവന നിർമ്മാണ ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഈ ഭവന പദ്ധതി നടപ്പിലാക്കുന്നതിൽ യാതൊരു ശതമാനമോ സംവരണമോ നിശ്ചയിച്ചിട്ടില്ല.

അച്ചടിച്ച വിലയേക്കാൾ കൂടുതൽവില ഈടാക്കുന്നതിനെതിരെ നടപടി

*10 [930] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉൽസവകാലങ്ങളിൽ ആരംഭിക്കുന്ന വിപണന മേളകളിൽ അച്ചടിച്ച വിലയേക്കാൾ അധിക വില കച്ചവടക്കാർക്ക് ഈടാക്കാൻ അനുവാദമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly